# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3852** **11.11.2019 - ൽ മറുപടിയ്ക്ക്**

## വൃക്ക രോഗികൾക്ക് തുടർ ചികിത്സയ്ക്കായി സാമ്പത്തിക സഹായ പദ്ധതികൾ

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം : | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി ) |
| --- | --- | --- |
| (എ) ഗുരുതരമായ വൃക്കരോഗം ബാധിച്ച് വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ എത്ര രോഗികൾ സംസ്ഥാനത്ത് ഉണ്ടെന്ന് അറിയിക്കാമോ; ഇവർക്ക് തുടർ ചികിത്സയ്ക്കായി എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | ലഭ്യമായ കണക്കുകൾ പ്രകാരം വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലായി നാളിതുവരെ 1097 പേർ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായിട്ടുണ്ട്. ഇവർക്ക് monthly follow-up നടത്തിവരുന്നുണ്ട്. കൂടാതെ ഇവർക്കായി പ്രത്യേക ഒ.പികളും നടത്തിവരുന്നുണ്ട്. |
| (ബി) വൃക്ക മാറ്റിവയ്ക്കപ്പെട്ട രോഗികൾക്ക് എല്ലാ താലൂക്ക് ആശുപത്രികൾ വഴിയും പ്രത്യേക ചികിത്സയും സൗജന്യമായി മരുന്നും നൽകാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | വൃക്ക മാറ്റിവയ്ക്കപ്പെട്ട രോഗികൾക്കാവശ്യമായ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി മരുന്നുകൾ നിലവിൽ സർക്കാർ മെഡിക്കൽ കോളേജുകളിലൂടെ മാത്രമാണ് സൗജന്യമായി വിതരണം ചെയ്യുന്നത്. എന്നാൽ വൃക്ക രോഗികൾക്ക് രക്തസമ്മർദ്ദം നിയന്ത്രിക്കുന്നതിന് ആവശ്യമായി വരുന്ന CLONIDINE TAB IP 100 mcg എന്ന ഗുളിക താലൂക്കാശുപത്രികൾ മുഖേനയും ഡയാലിസിസ് ചികിത്സയോടനുബന്ധിച്ച് സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. വൃക്കരോഗ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന 42 മരുന്നുകൾ കൂടി അവശ്യ മരുന്ന പട്ടികയിൽ ഉൾപ്പെടുത്തണമെന്നുള്ള ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട മേഖലയിലെ വിദഗ്ധരുടെ യോഗത്തിൽ എടുത്ത യോഗ തീരുമാന പ്രകാരമുള്ള മരുന്നുകൾ കൂടി 2020-21 സാമ്പത്തിക വർഷം മുതൽ വൃക്കരോഗ ചികിത്സാ സൗകര്യമുള്ള താലൂക്ക് ആശുപത്രി തലം മുതൽ വിതരണം നടത്തുന്നതിന് തീരുമാനിക്കുകയും അതനുസരിച്ചുള്ള മരുന്നുകൾ സംഭരിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. |

| | |
|---|---|
| സി) തുടർ ചികിത്സ നടത്തേണ്ടി വരുന്നവർക്ക് സാമ്പത്തിക സഹായമായി എന്തെങ്കിലും ധനസഹായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ രോഗികളുടെ തുടർ ചികിത്സയ്ക്ക് KASP വഴി 5 ലക്ഷം രൂപ വരെ പ്രതിവർഷം ലഭ്യമാണ്. കൂടാതെ Society for Medical Assistance to Poor പദ്ധതി പ്രകാരം 3 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള നിർദ്ധനരായ രോഗികൾക്ക് ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000/- രൂപ വരെ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും അനുവദിച്ചുവരുന്നു. കേരള സാമൂഹ്യസുരക്ഷാ മിഷന്റെ കീഴിൽ "സമാശ്വാസം" പദ്ധതി പ്രകാരം വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ കഴിഞ്ഞവർക്ക് പ്രതിമാസ ധനസഹായമായി 1000 രൂപ നൽകിവരുന്നു. ശസ്ത്രക്രിയ തീയതി മുതൽ 5 വർഷക്കാലത്തേയ്ക്കാണ് ഈ സഹായം നൽകുന്നത്. |

സെക്ഷൻ ഓഫീസർ